**പതിനാലാം കേരള നിയമസഭ**
ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 1267**

**30.01.2018-ന് മറുപടിയ്ക്ക്**

# മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന വിദ്യാലയങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ. രാജേഷ് | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിൽ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന വിദ്യാലയങ്ങൾ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ; മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശവും ഓരോ സ്ക്കൂളിന്റെ എസ്റ്റിമേറ്റ് തുകയും സർക്കാർ അനുവദിച്ച തുകയും വ്യക്തമാക്കുമോ; | (എ) | ആലപ്പുഴ ജില്ലയിൽ നിന്നും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വിദ്യാലയങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുള്ള തുകയും 'കിഫ്ബി' മുഖേന അനുവദിച്ച സർക്കാർ ധനസഹായത്തിന്റെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത സ്കൂളുകളുടെ പദ്ധതി നിർവ്വഹണത്തിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസി'നെ തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 1000 വിദ്യാർത്ഥികൾക്ക് മുകളിലുള്ള വിദ്യാലയങ്ങൾക്കായുള്ള 3 കോടിയുടെ പദ്ധതിയിൽ മാവേലിക്കര മണ്ഡലത്തിൽ ഉൾപ്പെട്ട ചുനക്കര വി.എച്ച്.എച്ച്.എസ്., വള്ളികുന്നം കെ.കെ.എം.എച്ച്.എസ്.എസ്. എന്നീ | (ബി) | കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 1000 വിദ്യാർത്ഥികൾക്ക് മുകളിലുള്ള വിദ്യാലയങ്ങൾക്കായുള്ള 3 കോടി (മൂന്ന് കോടി) രൂപയുടെ പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ നിന്നും തെരഞ്ഞടുത്ത വള്ളികുന്നം കെ.കെ.എം.എച്ച്.എസ്.എസ്. സ്കൂളിൽ പദ്ധതി നിർവ്വഹണത്തിനായുള്ള 4.18 |

സ്കൂളുകൾക്ക് അനുമതി നൽകുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

കോടി (നാലുകോടി പതിനെട്ട് ലക്ഷം) രൂപയുടെ എസ്റ്റിമേറ്റ് അടങ്ങുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ടിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. കിഫ്ബി മുഖേനയുള്ള സർക്കാർ ധനസഹായം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. മാവേലിക്കര നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ചുനക്കര വി.എച്ച്.എസ്.എസിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | നിയോജക മണ്ഡലം | ഭരണാനുമതി നൽകിയിട്ടുള്ള എസ്റ്റിമേറ്റ് തുക | കിഫ്ബി മുഖേന ലഭ്യമായിട്ടുള്ള തുക |
|---|---|---|---|---|
| 1 | ചന്തിരൂർ ഗവ.എച്ച്.എസ്.എസ്. | അരൂർ | 6.04 | 5 |
| 2 | ചേർത്തല ഗവ.എച്ച്.എസ്.എസ്. | ചേർത്തല | 7.42 | 5 |
| 3 | കലവൂർ ഗവ.എച്ച്.എസ്.എസ്. | ആലപ്പുഴ | 6.42 | 5 |
| 4 | അമ്പലപ്പുഴ ഗവ.എച്ച്.എസ്.എസ്. | അമ്പലപ്പുഴ | 7.13 | 5 |
| 5 | കിടങ്ങറ ഗവ.എച്ച്.എസ്.എസ്. | കുട്ടനാട് | 6.41 | 5 |
| 6 | ഹരിപ്പാട് ഗവ.എച്ച്.എസ്.എസ്. | ഹരിപ്പാട് | 6.05 | 5 |
| 7 | കായംകുളം ഗവ.ബി.എച്ച്.എസ്.എസ്. | കായംകുളം | 5.25 | 5 |
| 8 | മാവേലിക്കര ഗവ.ഗേൾസ് എച്ച്.എസ്.എസ്. | മാവേലിക്കര | 6.04 | 5 |
| 9 | മുളക്കുഴ ഗവ.എച്ച്.എസ്.എസ്. | ചെങ്ങന്നൂർ | 7.96 | 5 |

സെക്ഷൻ ഓഫീസർ